# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം : 32 — 27-09-2011-ൽ മറുപടിക്ക്

## അപകടത്തിൽപ്പെടുന്ന വൈദ്യുത തൊഴിലാളികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. എസ്. സുനിൽ കുമാർ<br>„ കെ. അജിത്<br>„ ചിറ്റയം ഗോപകുമാർ<br>„ കെ. രാജു | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വൈദ്യുത ലൈനുകളിലെ അറ്റകുറ്റപ്പണിക്കിടെ അപകടത്തിൽപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) വൈദ്യുത ലൈനുകളിലെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് വൈദ്യുതി ബോർഡ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (ബി) | പ്രസരണ വിഭാഗത്തിൽ ലൈനുകളുടെ അറ്റകുറ്റപ്പണികൾ പരിചയ സമ്പന്നരായ ജീവനക്കാരെ വച്ചാണ് ചെയ്യിക്കുന്നത്. ഇവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി സുരക്ഷാ ഉപകരണങ്ങളും, സുരക്ഷാ ബോധവത്കരണവും നൽകുന്നുണ്ട്.<br>വിതരണ ലൈനുകളിലെ അറ്റകുറ്റപ്പണികൾക്കായി വൈദ്യുതി ബോർഡ് താഴെ പറയുന്ന നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്.<br>1. എല്ലാ മോഡൽ സെക്ഷനുകളിലും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്. മെയിന്റനൻസ് ഷെഡ്യൂൾ തയ്യാറാക്കുക, ലൈൻ പട്രോളിംഗ് നടത്തി കാലാകാലങ്ങളിൽ HT/LT ലൈൻ മെയിന്റനൻസ്, ടച്ചിംഗ് ക്ലിയറൻസ് (വൈദ്യുതലൈനുകളുടെ സമീപം നിൽക്കുന്ന മരങ്ങളും മരച്ചില്ലകളും മുറിച്ചുമാറ്റുക), ട്രാൻസ്ഫോർമർ/സ്ട്രക്ചർ മെയിന്റനൻസ്, സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് എന്നിവ നടത്തുക എന്നീ പ്രവർത്തികൾ ഈ വിഭാഗം ചെയ്തുവരുന്നു. ഈ വിഭാഗത്തിനും ചെയ്തുതീർക്കുവാൻ സാധിക്കാത്ത പ്രവൃത്തികൾ കരാറടിസ്ഥാനത്തിലും നടത്തിവരുന്നു.<br>സാധാരണ നടത്തിവരുന്ന മെയിന്റനൻസ് വർക്കുകൾക്ക് പുറമെ എല്ലാകൊല്ലവും |

(സി) സംസ്ഥാനത്ത് വൈദ്യുതി ബോർഡിനുകീഴിൽ മൊത്തം എത്ര കരാർ തൊഴിലാളികളുണ്ട് ;

(സി) വൈദ്യുതിബോർഡിന്റെ കീഴിലുള്ള വിതരണ വിഭാഗം സെക്ഷൻ ഓഫീസുകളിൽ, നിയമിതരായിട്ടുള്ള ഉദ്യോഗസ്ഥർക്ക് ചെയ്തു തീർക്കുവാൻ സാധിക്കാത്ത അളവിൽ അറ്റകുറ്റപണികൾ ഉണ്ടാകുന്ന അവസരങ്ങളിൽ പ്രാദേശികമായി ചെറുകിട കരാറുകാരുടെ സേവനം ഉപയോഗിച്ചാണ് പണികൾ തീർക്കുന്നത്. ഇത്തരം ചെറുകിട കരാറുകാരുടെ കീഴിൽ പ്രവർത്തിക്കുന്ന രണ്ടായിരത്തോളം പേർ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഡി) കരാർ തൊഴിലാളികൾക്ക് അപകടം സംഭവിച്ചാൽ എന്തെല്ലാം സഹായമാണ് വൈദ്യുതി ബോർഡ് നൽകുന്നതെന്ന് വെളിപ്പെടു ത്തുമോ ;

(ഡി) മൂന്നുലക്ഷത്തിൽ കവിയാത്ത അടങ്കൽ തുകയുള്ള വൈദ്യുതി ലൈനുകളുടെ അറ്റകുറ്റപണികൾക്കിടയിൽ അപകടം സംഭവിക്കുന്ന കരാർ തൊഴിലാളികൾക്ക് വർക്ക്മെൻ കോമ്പൻസേഷൻ ആക്ട് അനുസരിച്ചുള്ള നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. മൂന്ന് ലക്ഷത്തിൽ കവിയുന്ന അടങ്കൽ തുകയ്ക്കുള്ള കരാർ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളിക്ക് ജോലിക്കിടെ അപകടം സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നല്കുന്നതിനുള്ള ഉത്തരവാദിത്തം പൂർണ്ണമായും കരാറുകാരനാണ്.

(ഇ) ഇത്തരം അപകടത്തിലൂടെ അംഗവൈകല്യം സംഭവിച്ച എത്ര തൊഴിലാളികളുണ്ടെന്ന് വ്യക്തമാക്കുമോ ?

(ഇ) കഴിഞ്ഞ 5 വർഷത്തിനിടെ വൈദ്യുതി അപകടത്തിലൂടെ അംഗവൈകല്യം സംഭവിച്ച ചെറുകിട കരാർ തൊഴിലാളികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | അംഗവൈകല്യം സംഭവിച്ചവർ (റിപ്പോർട്ട് ചെയ്യപ്പെട്ടവ) |
|---|---|
| 2005 | 1 |
| 2006 | 3 |
| 2007 | 2 |
| 2008 | 6 |
| 2009 | 5 |
| 2010 | - |
| 2011 | 2 |

സെക്ഷൻ ഓഫീസർ